"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷന്റെ ഭാഗമായി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.879/2022/LSGD തീയതി,തിരുവനന്തപുരം, **06-04-2022**

പരാമർശം:-

1. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.01.2022 ലെ 1(4)-ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പ്ലാനിങ് ഓഫീസറുടെ 19.02.2022-ലെ കത്ത് (SRG 237/22, CC/89/2022).

   11.03.2022-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
3. കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.25.

ഉത്തരവ്

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ 2009 മുതൽ 26 വർഷത്തേക്ക് BOT വ്യവസ്ഥയിൽ കൈരളി സോഷ്യൽ സർവീസ് സൊസൈറ്റി എന്ന സ്ഥാപനമാണ് ഏറ്റെടുത്ത് നടത്തി വരുന്നത്. ഈ കാലയളവിൽ കംഫർട്ട് സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള ചുമതലകൾ പ്രസ്തുത ഏജൻസിയാണ് നടത്തേണ്ടത്. കംഫർട്ട് സ്റ്റേഷന്റെ സെപ്റ്റിക് ടാങ്ക് മഴക്കാലത്ത് നിറഞ്ഞൊഴുകി പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട് എന്നതിനാൽ ആയത് പരിഹരിക്കുന്നതിനു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട് എന്നും ഇതിന് വലിയ മുതൽമുടക്ക് വരും എന്നതിനാൽ പഞ്ചായത്ത് നിർമ്മിച്ചുനൽകണമെന്നും ഏജൻസി ആവശ്യപ്പെട്ട സാഹചര്യത്തിൽ ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ പ്ലാന്റ് നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ അനുമതി നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പരാമർശം (2) മുഖേന സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ആയതിന് അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷന്റെ ഭാഗമായി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പദ്ധതി (പേര്- കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ നവീകരണം,

പ്രോജക്ട് നമ്പർ 158/22, അടങ്കൽ 43,35,000/- രൂപ, സി എഫ് സി റ്റൈഡ് ഗ്രാന്റ് -13,00,000/- രൂപ, ശുചിത്വമിഷൻ വിഹിതം - 30,35,000/-രൂപ) നടപ്പാക്കാൻ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്